LIBRARY ARCHIVES Kerala Legislative Assembly

നീർത്തടങ്ങൾ മണ്ണിട്ട് നികത്തലും പുറംപോക്ക് ഭൂമി കയ്യേറ്റവും

163 (1219) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജ്, രാമനാട്ടുകര പഞ്ചായത്ത് ഒന്ന്, രണ്ട് വാർഡുകളിൽ ഉൾപ്പെട്ട പരുത്തിപ്പാറ, മൂർക്കനാട് പ്രദേശങ്ങളിൽ ചാലിയാർ തീരത്ത് വൻതോതിൽ നീർത്തടങ്ങളും മറ്റും മണ്ണിട്ട് നികത്തുന്നതും പുറമ്പോക്ക് ഭൂമി കയ്യേറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് വിശദീകരിക്കാമോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കരുകല്ലായ്-ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജാഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

ചെറുതുരുത്തിയിൽ ആരംഭിച്ച തടയണ നിർമ്മാണം

164 (1220) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയ്ക്ക് കുറുകെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച തടയണ നിർമ്മാണം മുടങ്ങിയിട്ട് എത്ര കാലമായെന്ന് പറയാമോ ;

(ബി) ഈ തടയണയുടെ നിർമ്മാണം മുടങ്ങാനുള്ള കാരണങ്ങൾ പറയാമോ ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ടനുവദിച്ച് ഭരണാനുമതി പുതുക്കിനൽകാമെന്ന് ഉന്നതതല അവലോകന യോഗത്തിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ചും പദ്ധതി നിർമ്മാണം ഒരു ഘട്ടം തുടങ്ങിവച്ച സാഹചര്യത്തിലും തൊട്ടടുത്ത അനുകൂല കാലാവസ്ഥയിൽത്തന്നെ പണി പുനരാരംഭിക്കുന്ന വിധം ഫണ്ട് അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2009 മുതൽ മുടങ്ങിയിരിക്കുകയാണ്.

(ബി) കോൺട്രാക്ടിന്റെ കാലാവധി 19-5-2010-ൽ അവസാനിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സപ്ലിമെന്റ് എഗ്രിമെന്റ് സമർപ്പിക്കാൻ കോൺട്രാക്ടർ തയ്യാറായില്ല. തുടർന്ന് കോൺട്രാക്ടർ 27-5-2010-ൽ മരണമടഞ്ഞു. ടിയാന്റെ നോമിനി പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ വിസമ്മതിച്ചു. 12.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭ്യമാക്കുകയും 27-1-2014-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇറിഗേഷൻ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

പട്ടയങ്ങളിലെ സീൽ നീക്കാൻ നടപടി

165 (1221) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

"സുപ്രീം കോടതി നിബന്ധനകൾക്ക് വിധേയം" എന്ന് പട്ടയങ്ങളിൽ പതിച്ചിട്ടുള്ള സീൽ നീക്കുന്നത് സംബന്ധിച്ച് ഇടുക്കി ജില്ലയിൽ ഉത്തരവ് നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 2116/2000 കേസ്സിലെ 30-3-2009-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16-11-2009 തീയതിയിലെ സ.ഉ (കൈയെഴുത്ത്) നമ്പർ 450/2009/റവന്യൂ പ്രകാരം "1993-ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം സുപ്രീം കോടതിയിലെ 2116/2000-ാം നമ്പർ സിവിൽ അപ്പീലിലെ വിധിക്ക് വിധേയമായി താൽക്കാലിക പട്ടയം നൽകിയിട്ടുള്ളവർക്ക് അതിന് പകരം സ്ഥിരം പട്ടയം നൽകേണ്ടതാണ്" എന്ന നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly